(ബി) ഉപഭോക്താവുമായി വൈദ്യുതി നൽകുന്നതിനുള്ള എഗ്രിമെന്റ് വയ്ക്കുന്നതിനും, കണക്ഷൻ നൽകുന്നതിനും കെട്ടിടത്തിന്റേതായ നമ്പർ അഥവാ അംഗീകരിക്കപ്പെട്ട പ്ലാൻ, പെർമിറ്റ്, ഉടമസ്ഥാവകാശം ഇവ സംബന്ധിച്ച രേഖകൾ മുതലായവ ഒഴിച്ചു കൂടാനാവാത്തവയാണ്.

കരുവാറ്റ സെക്ഷൻ ഓഫീസിൽ നിന്നും വൈദ്യുതി കണക്ഷൻ ലഭിച്ചവർ

125 (3927) ശ്രീ. ടി. കെ. ദേവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ആലപ്പുഴ ജില്ലയിലെ കരുവാറ്റ സെക്ഷൻ ഓഫീസിൽ നിന്നും ജനറൽ കാറ്റഗറിയിൽ ഏത് തീയതിവരെയുള്ള അപേക്ഷകർക്ക് വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട് ;

(ബി) വൈദ്യുതി കണക്ഷൻ നൽകുന്നതിൽ കാലതാമസം വരുത്തുന്നതിനുള്ള കാരണമെന്താണ് ;

(സി) കണക്ഷൻ നൽകുന്നതിനുള്ള നടപടികൾ ത്വരിതപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) നോർമൽ വെതർപ്രൂഫ് കാറ്റഗറിയിൽ 12/2001 വരെ രജിസ്റ്റർ ചെയ്തവർക്കും നോർമൽ ഓവർഹെഡ് കാറ്റഗറിയിൽ 12/1999 വരെ രജിസ്റ്റർ ചെയ്തവർക്കും കണക്ഷൻ നൽകിയിട്ടുണ്ട്.

(ബി) സാധനസാമഗ്രികൾ തികയാതെ വരുന്നതാണ് കാലതാമസം വരുന്നതിന് കാരണം.

(സി) നടപടി സ്വീകരിച്ചിട്ടുണ്ട്.

വീട്ടുനമ്പർ ഇല്ലാത്തതിനാൽ വൈദ്യുതി കണക്ഷൻ ലഭിക്കാത്തവർ

126 (3928) ശ്രീ. എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) വീട്ടുനമ്പർ ഇല്ല എന്ന കാരണത്താൽ കോഴിക്കോട് ജില്ലയിലെ എലത്തൂർ, തലക്കുളത്തൂർ, അത്തോളി, ഉള്ളിയേരി, ബാലുശ്ശേരി, പനങ്ങാട്, നന്മണ്ട പഞ്ചായത്തുകളിൽ എത്ര പേർക്ക് വൈദ്യുതി കണക്ഷൻ കൊടുക്കുവാൻ ബാക്കിയുണ്ട് എന്ന് വെളിപ്പെടുത്താമോ ;

(ബി) ഇവർക്ക് കണക്ഷൻ കൊടുക്കുന്നതിന് വീട്ടുനമ്പർ വേണം എന്ന നിബന്ധനയിൽ നിന്നും ഒഴിവാക്കണം എന്ന ആവശ്യം ഗവൺമെന്റ് പരിശോധിക്കുകയുണ്ടായോ ;

(സി) ഉണ്ടെങ്കിൽ എന്തു തീരുമാനം സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നത് എന്ന് വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly